## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## ആശ്രിതനിയമനം സംബന്ധിച്ച കണക്കുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3508 — 30.1.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി. | ശ്രീ. ഉമ്മൻ ചാണ്ടി.<br>ബഹു. മുഖ്യമന്ത്രി |
| (എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 മുതൽ 2013 വരെ സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം , നിയമം വകുപ്പുകളിലും മറ്റു സർക്കാർ വകുപ്പുകളിലും ഏതെല്ലാം തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ആശ്രിതനിയമനം നടത്തിയിട്ടുണ്ട് : വിശദമാക്കാമോ ; ആശ്രിത നിയമനം ലഭിച്ചവരുടെ ശതമാനം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 മുതൽ 2013 വരെ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റന്റ്, ലോക്കൽ ഫണ്ട് ആഡിറ്റർ, ലോവർ ഡിവിഷൻ ക്ലാർക്ക്, ഡ്രൈവർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എന്നീ തസ്തികകളിലായി സ.ഉ (എം.എസ്) 174/12/പൊ.ഭ.വ. തിയതി 6.7.12, സ.ഉ. (എം.എസ്) 249/13/പൊ.ഭ.വ. തിയ്യതി 2.9.13 എന്നീ ഉത്തരവുകൾ മുഖേന 905 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആശ്രിതനിയമനത്തിനായി ലഭിച്ച അപേക്ഷകളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് സൂപ്പർ ന്യൂമററി ആയി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയത്. ആകയാൽ ഇതിന് നിശ്ചിത ശതമാനം നിശ്ചയിച്ചിട്ടില്ല. |
| (ബി) സെക്രട്ടേറിയറ്റിൽ ആശ്രിതനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ശതമാനം എത്ര; സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ശതമാനം എത്ര; സെക്രട്ടേറിയറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ശതമാനം എത്ര; | (ബി) സർക്കാർ ഉത്തരവ് ജി.ഒ (പി) 12/99/ഉ.ഭ.പ.വ തിയ്യതി 24-5-99 പ്രകാരം സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ മരണമടഞ്ഞാൽ അവരുടെ ആശ്രിതർക്ക് ടി സ്ഥാപനങ്ങളിൽ നിലവിലുള്ളതോ, ഭാവിയിൽ ഉടൻ വരുന്ന ഒഴിവിലേയ്ക്കോ ആണ് നിയമനം നടത്തുന്നത്. ഇതിന് ശതമാനം നിശ്ചയിച്ചിട്ടില്ല. സെക്രട്ടേറിയറ്റിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 5% സെക്രട്ടേറിയേറ്റ് ഇതര ജീവനക്കാർക്ക് നിയമനം നൽകുന്നതിന് മാറ്റിവയ്ക്കുന്നു. |

| | |
|---|---|
| (സി) സൂപ്പർന്യൂമററി തസ്തികയിൽ ആശ്രിത നിയമനം ലഭിച്ചവരുടെ സർവ്വീസ് റെഗുലറൈസേഷൻ നടപടി ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ചവരുടെ സേവനം ക്രമീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ഡി) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയിൽ സൂപ്പർ ന്യൂമററിയായി സെക്രട്ടേറിയറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിതനിയമനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചാണോ ; വ്യക്തമാക്കാമോ ; | (ഡി) ഉണ്ട്. സർവ്വീസിലിരിയ്ക്കെ മരണമടയുന്ന സെക്രട്ടേറിയേറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർക്ക് ബിരുദം യോഗ്യതയുള്ള പക്ഷം, അവർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അപേക്ഷ നൽകിയാൽ, സെക്രട്ടേറിയറ്റ് ഇതര ജീവനക്കാർക്കായി പൊതുഭരണ (സി.ഇ സെൽ ) വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിന്നാണ് നിയമനം നൽകുന്നത്. ഇത് സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 12/99/P&ARD തിയ്യതി 24-5-1999 പ്രകാരമാണ്. |
| (ഇ) അഡ്വക്കേറ്റ് ജനറൽ, എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, ലോക്കൽ ഫണ്ട് ആഡിറ്റ് , പി.എസ്. സി. എന്നീ ഓഫീസുകളിൽ 2011, 2012, 2013 വർഷങ്ങളിൽ സൂപ്പർ ന്യൂമററിയായി എത്ര ആശ്രിതനിയമനങ്ങൾ നടന്നിട്ടുണ്ട് ; വർഷവും വകുപ്പും തിരിച്ച് കണക്ക് വ്യക്തമാക്കാമോ ? | (ഇ) എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, പി.എസ്.സി. എന്നീ ആഫീസുകളിൽ 2011, 2012, 2013 വർഷങ്ങളിൽ സൂപ്പർ ന്യൂമററിയായി ആശ്രിത നിയമനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. അഡ്വക്കേറ്റ് ജനറൽ ആഫീസിൽ 2012-ൽ രണ്ടും, 2013-ൽ മൂന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസിൽ 2013-ൽ ഒന്നും ആശ്രിത നിയമനങ്ങൾ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.